പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6081

09.07.2013-ൽ മറുപടിയ്ക്ക്

## ഹൈക്കോടതിയിലെ സർക്കാർ അഭിഭാഷകരുടെ അനാസ്ഥ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ ജി .സുധാകരൻ<br>ശ്രീ കോലിയക്കോട് എൻ കൃഷ്ണൻ നായർ<br>ശ്രീ കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ ജെയിംസ് മാത്യു | ശ്രീ.ഉമ്മൻചാണ്ടി<br>ബഹു.മുഖ്യമന്ത്രി |

| | ചോദ്യം | ഉത്തരം |
| --- | --- | --- |
| (എ) | ഹൈക്കോടതിയിലെ അഭിഭാഷകർ യഥാസമയം കേസ് ഫയൽ ഹാജരാക്കാത്തതിനാൽ ജഡ്ജി, സിറ്റിംഗ് നിർത്തിപ്പോയതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | 21.06.2013 രാവിലെ 9.45-ന് ബഹു.ചീഫ് ജസ്റ്റിസും, ജസ്റ്റിസ് വിനോദ് ചന്ദ്രനും ഉൾപ്പെടുന്ന ഡിവിഷൻ ബഞ്ച് സിറ്റിംഗ് ഇല്ലെന്നും, ആയതിനാൽ ജസ്റ്റിസ് വിനോദ് ചന്ദ്രൻ, പ്രൊവിഷണലായി പ്രസിദ്ധീകരിച്ചിരുന്ന ലിസ്റ്റിൽ നിന്നും സിംഗിൾ ബഞ്ച് കേസ്സുകൾ വാദം കേൾക്കുമെന്നും ഹൈക്കോടതി രജിസ്ട്രാർ അറിയിച്ചു. ആയതിനെ തുടർന്ന് ജസ്റ്റിസ് വിനോദ് ചന്ദ്രന്റെ കോടതി മുമ്പാകെ രണ്ട് സർക്കാർ അഭിഭാഷകർ ഹാജരായിരുന്നു. കോടതി 10.15-ന് സിറ്റിംഗ് തുടങ്ങി കേസ്സുകൾ പരിഗണിച്ചപ്പോൾ ആദ്യത്തെ പതിനൊന്ന് കേസ്സുകളിലും വാദിഭാഗം അഭിഭാഷകർ കേസ്സുകൾ നീട്ടി വെയ്ക്കണമെന്ന് അപേക്ഷിച്ചു. കനത്ത മഴയെ തുടർന്ന് മറ്റൊരു കെട്ടിടത്തിലുള്ള അഡ്വക്കേറ്റ് ജനറൽ ആഫീസിൽ നിന്നും ഫയൽ എത്താൻ താമസിച്ചതിനാൽ പന്ത്രണ്ടാമത്തെ കേസ്സിൽ ഗവൺമെന്റ് പ്ലീഡർ കുറച്ചു സമയം കഴിഞ്ഞ് കേസ് |

| | | |
|---|---|---|
| | | പരിഗണിക്കണമെന്ന് അപേക്ഷിച്ചു. എന്നാൽ തുടർച്ചയായി കേസ്സുകൾ മാറ്റി വക്കേണ്ടി വന്നതിൽ നീരസം പ്രകടിപ്പിച്ച ജഡ്ജി 10.22-ന് തന്നെ തന്റെ ചേംബറിലേയ്ക്ക് മടങ്ങുകയും ചെയ്തു. |
| (ബി) | **ഇതുമായി ബന്ധപ്പെട്ട് അഡ്വക്കേറ്റ് ജനറലിനെ കോടതി ചേംബറിലേയ്ക്ക് വിളിച്ച് അതൃപ്തി രേഖപ്പെടുത്തുക ഉണ്ടായോ?** | പ്രസ്തുത സംഭവത്തിൽ ജഡ്ജി കേരള ഹൈക്കോടതി അഡ്വക്കേറ്റ്സ് അസ്സോസിയഷൻ പ്രസിഡന്റ് ശ്രീ ബാബു പോളിനെയും, അഡ്വക്കേറ്റ് ജനറലിനെയും ചേംബറിലേയ്ക്ക് വിളിപ്പിച്ച് അഭിഭാഷകർ കേസ്സുകൾ നീട്ടിചോദിച്ചതിൽ നീരസം പ്രകടിപ്പിച്ചു. അപ്രതീക്ഷിതമായി ഡിവിഷൻ ബെഞ്ച് സിറ്റിംഗ് ഇല്ല എന്നറിയിച്ചതു കൊണ്ടും കോരിച്ചൊരിയുന്ന മഴയത്ത് അഭിഭാഷകർക്കും, ക്ലാർക്കുമാർക്കും 10.15-ന് തന്നെ എത്താൻ പറ്റാതിരുന്നതുമൂലവും മാത്രമുണ്ടായ സ്ഥിതി വിശേഷമാണ് എന്ന് ഇരുവരും ജഡ്ജിയെ അറിയിച്ചു. തുടർന്ന് പിന്നീട് ആ കാര്യത്തിൽ യാതൊരു അഭിപ്രായവും പ്രകടിപ്പിച്ചില്ല എന്നു മാത്രമല്ല, ആ വിശദീകരണം സ്വീകരിക്കുകയും ചെയ്തു. |
| (സി) | **ഇതു സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;** | ഇത് സംബന്ധിച്ച വിവരം അഡ്വക്കേറ്റ് ജനറൽ യഥാസമയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

*ഉത്തരവിൻ പ്രകാരം*

*സെക്ഷൻ ഓഫീസർ*